# കേരള നിയമസഭ
# 5.07.2013-ലെ മറുപടിക്ക്

<u>എന്‍. എച്ച് - 213 - ന്റെ വികസനം</u>

5793 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എന്‍.എച്ച് - 213 - ന്റെ വികസനം എന്‍.എച്ച്.ഡി.പി IV-ല്‍ ഉള്‍പ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; എങ്കില്‍ അത് ഇപ്പോള്‍ ഏത് ഘട്ടത്തിലാണ്;

(ബി) എന്‍.എച്ച് 213 - ല്‍ തിരക്കേറിയ ഭാഗങ്ങളില്‍ ബൈപ്പാസുകള്‍ നിര്‍മ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കില്‍ ഇതിനുള്ള പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 5.07.2013-ലെ മറുപടിക്ക്

തിരുവനന്തപുരം - തിരുനെൽവേലി ദേശീയപാത നിർമ്മാണം

5794 ശ്രീ. കെ. രാധാകൃഷ്ണൻ
,, ബി. സത്യൻ
,, സി. കൃഷ്ണൻ
ഡോ: കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ദേശീയ പാതകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ എന്തെങ്കിലും പരിഗണനയിലുണ്ടോ;

(ബി) തിരുവനന്തപുരം - തിരുനെൽവേലി ദേശീയപാത നിർമ്മാണം സംബന്ധിച്ച് കേന്ദ്രസർക്കാരിൽ നിന്ന് എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) ഈ പാത യാഥാർത്ഥ്യമാകുമ്പോൾ തിരുവനന്തപുരം - തിരുനെൽവേലി റൂട്ടിൽ എത്ര കി. മീറ്റർ ദൂരം കുറയുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുളളത്;

(ഡി) തിരുവനന്തപുരം - തിരുനെൽവേലി പാതയിലെ ഗതാഗതക്കുരുക്ക് ഇല്ലാതാക്കുന്നതിനും സംസ്ഥാന വാണിജ്യ മേഖലയുടെ വികാസത്തിനും അനിവാര്യമായ ഈ പാതയുടെ നിർമ്മാണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 5.07.2013-ലെ മറുപടിക്ക്

## ഇന്ത്യൻ റോഡ് കോൺഗ്രസ്സ്

5795 ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെ സ്പെസിഫിക്കേഷൻ കേരളത്തിലെ റോഡുകളുടെ നിർമ്മാണത്തിൽ പാലിക്കാറുണ്ടോ;

(ബി) ഇക്കാര്യം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ;

(സി) ഗുണനിലവാര പരിശോധനയ്ക്ക് അത്യാധുനിക സംവിധാനത്തോടു കൂടിയുള്ള പരിശോധന ലാബുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ;

(ഡി) എങ്കിൽ, അവ എവിടെയാണെന്നും കഴിഞ്ഞ സാമ്പത്തിക വർഷം എത്ര പരിശോധനകൾ നടത്തിയെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് വകുപ്പിന് പദ്ധതി ചെലവിൽ റെക്കോർഡ് നേട്ടം</u>

5796 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, കെ. അച്ചുതൻ
,, ഷാഫി പറമ്പിൽ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പ് പദ്ധതി ചെലവിൽ റെക്കോർഡ് നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോ;

(ബി) ഇതിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ് ;

(സി) പദ്ധതി വിഹിതത്തെക്കാൾ എത്ര ഇരട്ടി തുകയാണ് പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുള്ളത്; വിശദമാക്കുമോ ;

(ഡി) ഇത് നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 5.07.2013-ലെ മറുപടിക്ക്

<u>സ്പീഡ് കേരള പദ്ധതി</u>

5797 ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
'' ഷാഫി പറമ്പിൽ
'' എ.പി.അബ്ദുള്ളക്കുട്ടി
'' പി. എ.മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പീഡ് കേരള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ മേഖലയുടെ സുസ്ഥിരവും ആസൂത്രിതവുമായ വികസനത്തിന് എന്തെല്ലാം ഘടകങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) ഇതിനായി സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>റോഡ് ശൃംഖല വികസനം</u>

5798 ശ്രീ. വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ഹൈബി ഈഡൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത്**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് ശൃംഖല വികസനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിക്ക് ധനസഹായം നൽകുന്നത്;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
# 5.07.2013-ലെ മറുപടിക്ക്

<u>10000 കോടി രൂപയുടെ റോഡ് വികസന പദ്ധതി</u>

5799 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച 10000 കോടി രൂപയുടെ റോഡ് വികസന പദ്ധതി ഏതു വർഷം തുടങ്ങി എത്ര വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ആവശ്യമായ തുക ഏതെല്ലാം ഏജൻസികളിൽ നിന്നും സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിൽ സർക്കാർ വിഹിതം എത്രയെന്നും വ്യക്തമാക്കുമോ;

(സി) ഏതൊക്കെ റോഡുകൾക്കാണ് പ്രസ്തുത പദ്ധതി വഴി പണം ചെലവഴിക്കുന്നതെന്നും ഓരോ റോഡിനും ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന തുക എത്രയെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയ്ക്കായി വായ്പയെടുക്കുന്ന തുക ഏതു രീതിയിൽ തിരിച്ചടയ്ക്കാനാണ് ഉദ്ദേശിക്കുന്നതെന്നും എത്ര വർഷം കൊണ്ട് തിരിച്ചടയ്ക്കാനാവുമെന്നും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതി പ്രകാരം പണിയുന്ന റോഡുകൾക്ക് ടോൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 5.07.2013–ലെ മറുപടിക്ക്

പൊതുമരാമത്തു വകുപ്പ് റോഡ് വികസന പദ്ധതികൾ

5800 ശ്രീ.കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പൊതുമരാമത്തു വകുപ്പു നടപ്പിലാക്കിയ റോഡ് വികസന പദ്ധതികളുടെ സംക്ഷിപ്തം അറിയിക്കുമോ;

(ബി) നാഷണൽ ഹൈവേ, സംസ്ഥാനപാത, ജില്ലാ റോഡുകൾ, പഞ്ചായത്തു റോഡുകൾ എന്നിവ എത്ര കിലോമീറ്റർ വീതം ഗതാഗത യോഗ്യമാക്കിയിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(സി) ദേശീയ പാത വികസനം സംബന്ധിച്ച നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) ചൈന, മലേഷ്യ തുടങ്ങിയ വിദേശ രാജ്യങ്ങളിൽ നിന്നും റോഡ്, പാലം, കെട്ടിട നിർമ്മാണം- മേഖലയിലേക്ക് കേരളത്തിന് സ്വീകാര്യമായ എന്തു കാര്യങ്ങളാണ് പൊതുമരാമത്ത് വകുപ്പ് പഠിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

**കേരള നിയമസഭ**
**5.07.2013–ലെ മറുപടിക്ക്**

<u>പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡുകൾ</u>

5801 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര കിലോമീറ്റർ റോഡ് പൊതുമരാമത്ത് വകുപ്പ് പുതിയതായി ഏറ്റെടുത്തിട്ടുണ്ട്;

(ബി) കൊല്ലം ജില്ലയിൽ ഏറ്റെടുക്കപ്പെട്ട പ്രസ്തുത റോഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പുതിയതായി പൊതുമരാമത്ത് വകുപ്പ് റോഡുകൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 5.07.2013–ലെ മറുപടിക്ക്

<u>കെ. എസ്. റ്റി. പി. രണ്ടാം ഘട്ട പ്രവർത്തനങ്ങൾ</u>

5802 ശ്രീ. അൻവർ സാദത്ത്
,, സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡുകൾ മെച്ചപ്പെടുത്താനും ഗതാഗതം സുഗമമാക്കാനും സുരക്ഷ ഉറപ്പുവരുത്താനും കെ. എസ്. റ്റി. പി. യിൽ എന്തെല്ലാം വസ്തുതകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്;

(ബി) എത്ര സമയത്തിനകം പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുളളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**5.07.2013-ലെ മറുപടിക്ക്**

<u>കെ.എസ്. റ്റി. പി. 2-ാം ഘട്ട പദ്ധതി വിഭജനം</u>

5803 ശ്രീ. വി. റ്റി. ബൽറാം
,, വി. ഡി. സതീശൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെ. എസ്. റ്റി. പി. 2-ാം ഘട്ട പദ്ധതി നടത്തിപ്പിന് പദ്ധതിയിൽ വിഭജനം നടത്തിയിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) വിഭജനം മൂലം കെ. എസ്. റ്റി. പി. 2-ാം ഘട്ട പദ്ധതിയുടെ പൂർത്തീകരണം എത്രമാത്രം പ്രയോജനകരമാകും എന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
# 5.07.2013-ലെ മറുപടിക്ക്

<u>കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതികൾ</u>

5804 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കെ.എസ്.ടി.പി. പദ്ധതി രണ്ടാം ഘട്ട പ്രകാരം ഏതൊക്കെ പദ്ധതികൾ ഏതൊക്കെ ജില്ലകളിലാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 5.07.2013-ലെ മറുപടിക്ക്

## റോഡ് നിർമ്മാണ ഫണ്ട്

T-5805 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 47-ൽ മണ്ണൂത്തി-ഇടപ്പള്ളി നാലുവരിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രോജക്ടിൽ ഉൾപ്പെട്ട അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങളായ സർവ്വീസ് റോഡുകൾ, ഡ്രൈനേജുകൾ, സ്ട്രീറ്റ് ലൈറ്റുകൾ, ബസ്സ്ബേകൾ തുടങ്ങിയവ നിർമ്മിക്കുന്നതിനും പ്രോജക്ടിൽ ഉൾപ്പെടാത്ത ബാക്കി നിർമ്മാണ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ 98 കോടി രൂപ അനുവദിക്കുമെന്ന ബഹു. മുഖ്യമന്ത്രിയുടെ ഉറപ്പുപ്രകാരമുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമായി എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) പാലിയേക്കരയിലെ അന്യായമായ ടോൾ നിരക്ക് കുറയ്ക്കാമെന്ന മുഖ്യമന്ത്രി നൽകിയ ഉറപ്പു പാലിക്കുന്നതിനായി നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ റെയിൽവേ മേൽപ്പാലങ്ങൾ</u>

5806 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര റെയിൽവേ മേൽപ്പാലങ്ങളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) എത്ര റയിൽവേ മേൽ പാലങ്ങളുടെ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നുവെന്നും ഓരോന്നും ഗതാഗതത്തിനായി എന്ന് തുറന്ന് കൊടുക്കാനാകുമെന്നും വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര മേൽ പാലങ്ങൾ ഗതാഗതത്തിനായി തുറന്നുകൊടുത്തുവെന്നും എത്രയെണ്ണത്തിന്റെ പ്രവൃത്തി ആരംഭിച്ചുവെന്നും അറിയിക്കുമോ;

(ഡി) കേരളത്തിൽ പുതുതായി എത്ര റെയിൽവെ മേൽ പാലങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 5.07.2013–ലെ മറുപടിക്ക്

<u>മോണോ റെയിൽ പദ്ധതി കരാർ</u>

5807

ശ്രീ. എം. എ. വാഹീദ്
,, കെ. മുരളീധരൻ
,, എ. റ്റി. ജോർജ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോണോ റെയിൽ പദ്ധതി നടപ്പാക്കുന്നതിന് കരാർ ആയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) ഇതിന്റെ ആദ്യഘട്ടത്തിന് ടെൻഡർ വിളിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ആദ്യഘട്ടം എത്ര വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) എന്തെല്ലാം നൂതന സാങ്കേതിക വിദ്യകളാണ് പദ്ധതി നടത്തിപ്പിന് ഉപയോഗിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>മോണോ റെയിൽ പദ്ധതി</u>

5808 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തും കോഴിക്കോട്ടും മോണോ റെയിൽ പദ്ധതി നടപ്പിലാക്കാൻ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ഒപ്പ് വച്ചത്;

(ബി) എന്നത്തേക്ക് പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 5.07.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് മോണോ റെയിൽ പദ്ധതി</u>

T-5809 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മോണോ റെയിൽ പദ്ധതിയുടെ ഡി.പി.ആർ. (ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട്) വിശദാംശങ്ങൾ വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിക്കാവശ്യമായ സ്ഥലം ഏറ്റെടുത്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് എവിടെയെല്ലാം സ്റ്റേഷനുകൾ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**5.07.2013-ലെ മറുപടിക്ക്**

<u>പൊതുമാരാമത്ത് ഇതര ഗ്രാമീണ റോഡുകളുടെ നവീകരണം</u>

5810 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പൊതുമരാമത്ത് ഇതര ഗ്രാമീണ റോഡുകളുടെ നവീകരണത്തിന് എന്തു തുകയുടെ പ്രവർത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്;

(ബി) കൊല്ലം ജില്ലയിൽ ഉൾപ്പെടുന്ന പ്രസ്തുത പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>റോഡ് അടിസ്ഥാന സൗകര്യ വികസന സേവന മേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കുള്ള ധനസഹായം</u>

5811 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, സി. പി. മുഹമ്മദ്
,, ലൂഡി ലൂയിസ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് അടിസ്ഥാന സൗകര്യ വികസന സേവന മേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കുള്ള ധനസഹായത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിക്ക് ധനസഹായം നൽകുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>പാലങ്ങൾക്ക് ടോൾ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം</u>

5812 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത്**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് പണിതിട്ടുള്ള എത്ര രൂപവരെ ചെലവ് വരുന്ന പാലങ്ങൾക്കാണ് ടോൾ ചുമത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പാലങ്ങളുടെ ചെലവ് കണക്കാക്കുമ്പോൾ പാലത്തോടൊപ്പം അപ്രോച്ച് റോഡിന്റെ ചെലവ് കൂടി ഉൾപ്പെടുത്തിയാണോ ചെലവ് കണക്കാക്കുന്നത്;

(സി) വൈക്കം നിയോജക മണ്ഡലത്തിൽ ടോൾ ചുമത്തുന്ന എത്ര പാലങ്ങളുണ്ടെന്നും ഈ പാലങ്ങൾക്ക് ചെലവായ തുക എത്രയെന്നും ഇവിടെ ഈടാക്കുന്ന ടോൾ നിരക്ക് എത്രയെന്നും വ്യക്തമാക്കുമോ;

(ഡി) പാലങ്ങൾക്ക് ടോൾ നിരക്ക് നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം എന്തെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് വകുപ്പിന്റെ കുട്ടനാട്ടിലെ നിർമ്മാണ പ്രവൃത്തികൾ</u>

5813 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ബഡ്ജറ്റിൽ ഉൾപ്പെട്ട പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള കുട്ടനാട്ടിലെ നിർമ്മാണ പ്രവൃത്തികളിൽ മുൻഗണന നൽകി എം.എസ് കമ്മിറ്റിക്ക് സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസലുകൾ ഫയൽ നമ്പർ സഹിതം വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**5.07.2013–ലെ മറുപടിക്ക്**

<u>കൊയിലാണ്ടിയിൽ പൊതുമരാമത്ത് വകുപ്പിന്റെ വിവിധ പ്രവൃത്തികൾ</u>

5814 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടിയിൽ കോരപ്പുഴ പാലം നിർമ്മിക്കാനുള്ള ഫണ്ട് സി.ആർ.എഫിൽ ഉൾപ്പെടുത്തുന്നതിന് ചീഫ് എഞ്ചിനീയർ തലത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി മണ്ണ് പരിശോധന നടത്തുന്ന നടപടികൾ എവിടെ വരെയായി എന്ന് വിശദമാക്കാമോ; ഇത് എപ്പോൾ പൂർത്തിയാകും എന്ന് വ്യക്തമാക്കാമോ;

(സി) പയ്യോളി ടെക്നിക്കൽ ഹൈസ്കൂൾ കെട്ടിടത്തിന്റെ എസ്റ്റിമേറ്റിനായി മണ്ണ് പരിശോധന നടപടികൾ എവിടെവരെയായി എന്ന് വിശദമാക്കാമോ; ഇത് എപ്പോൾ പൂർത്തിയാകുമെന്നറിയിക്കുമോ;

(ഡി) കൊയിലാണ്ടി മണ്ഡലത്തിലെ 2013–2014 വർഷത്തിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ലിസ്റ്റ് പി.ഡബ്യൂ.ഡി. ബിൽഡിംഗ്, കൊയിലാണ്ടി സബ് ഡിവിഷൻ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടുന്ന പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കി ചീഫ് എഞ്ചിനീയർക്ക് സമർപ്പിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് എന്ന് ചീഫ് എഞ്ചിനീയർക്ക് സമർപ്പിക്കാനാകും എന്നത് അറിയിക്കുമോ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>വൈപ്പിൻ മണ്ഡലത്തിലെ എട്ടു പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ</u>

5815 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ജിഡ ഫണ്ട് ഉപയോഗിച്ചു നടന്നുവരുന്ന, വൈപ്പിൻ മണ്ഡലത്തിലെ എട്ടു പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ; ഏതെങ്കിലും പാലത്തിന്റെ നിർമ്മാണ പ്രവൃത്തിക്ക് തടസ്സങ്ങളുണ്ടോയെന്നും എങ്കിൽ, ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയെന്തെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 5.07.2013-ലെ മറുപടിക്ക്

<u>കൂളിമാട് ചാലിയാർ പാലം</u>

5816 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കൂളിമാട് ചാലിയാറിന് കുറുകെ പാലം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിന് എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്;

(സി) ഇതിനാവശ്യമായ സ്ഥലമെടുപ്പ് ഏതു ഘട്ടത്തിലാണ്;

(ഡി) എത്ര തുക ഇതുവരെ ചെലവഴിച്ചിട്ടുണ്ട്;

(ഇ) പാലത്തിന്റെ പ്രവൃത്തി എന്ന് ആരംഭിക്കാൻ സാധിക്കും;

(എഫ്) ഈ പ്രവൃത്തി നബാർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ജി) ചാലിയാറിന് കുറുകെ വേറെ പാലങ്ങൾ നിർമ്മിക്കാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 5.07.2013–ലെ മറുപടിക്ക്

നേമം നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

5817 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നേമം നിയോജകമണ്ഡലത്തിലെ മധുപാലം, പനത്തുറപാലം, മുടവൻമുഗൾ പാലം, തിരുവല്ലം–ഇടയാർ പാലം, കീഴാറത്തൂർ പാലം, മാങ്കോട്ടുകടവ് പാലം, കല്ലടിമുഖം പാലം, പള്ളത്തുകടവ് പാലം എന്നീ പാലങ്ങളുടെ നിർമ്മാണം സംബന്ധിച്ചുള്ള നിലവിലുള്ള സ്ഥിതിയെകുറിച്ച് എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 5.07.2013–ലെ മറുപടിക്ക്

<u>കുട്ടനാട്ടിലെ പാലങ്ങളുടെ നിർമ്മാണം</u>

5818

ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള കുട്ടനാട്ടിലെ പടഹരം പാലം നബാർഡിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് സമർപ്പിച്ചിരിക്കുന്ന അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) തുക അനുവദിച്ച മങ്കൊമ്പ് സിവിൽ സ്റ്റേഷൻ പാലം, കൈനകരി പഞ്ചായത്തിലെ മുണ്ടയ്ക്കൽ പാലം എന്നിവയുടെ ലാന്റ് അക്വിസിഷന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) തട്ടാശ്ശേരി പാലം, മുട്ടേൽ പാലം എന്നിവയുടെ നിർമ്മാണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 5.07.2013–ലെ മറുപടിക്ക്

<u>ഹോസ്ദുർഗ് – പാണത്തൂർ സംസ്ഥാന പാതയിലെ കള്ളാര പാലം നിർമ്മാണം</u>

5819 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഹോസ്ദുർഗ് – പാണത്തൂർ സംസ്ഥാന പാതയിലെ കളളാർ പാലം നിർമ്മിക്കുന്നതിന് മലബാർ പാക്കേജിൽ ഫണ്ട് അനുവദിച്ചിരുന്നുവോ;

(ബി) എങ്കിൽ പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്നും അറിയിക്കാമോ ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>പയ്യന്നൂർ റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണത്തിന്റെ ചെലവ്</u>

5820 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ജൂൺ 1-ന് ഉദ്ഘാടനം ചെയ്ത കണ്ണൂർ ജില്ലയിലെ പയ്യന്നൂർ റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണത്തിന് എത്ര തുക ചെലവായിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത മേൽപാലം ടോൾ പിരിവുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ;

(സി) ടെണ്ടർ നൽകിയിട്ടുണ്ടെങ്കിൽ കാലയളവ്, തുക, നൽകിയ വ്യക്തി എന്നിവ വിശദമാക്കാമോ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>ദേശീയ പാതയിലെ നീലേശ്വരം, കാര്യങ്കോട് റോഡിലെ പാലങ്ങൾ</u>

5821 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 17(66) - ലെ നീലേശ്വരം, കാര്യങ്കോട് റോഡിലെ പാലങ്ങൾ കാലാവധി കഴിഞ്ഞതും അപകട സാദ്ധ്യത ഉള്ളതുമാണോ;

(ബി) ഈ പാലങ്ങൾ മാറ്റി പുതിയവ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) പാലം നിർമ്മാണത്തിന് എന്തെല്ലാം നടപടിക്രമങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ഡി) പാലം നിർമ്മാണത്തിന്റെ നടപടികൾ ത്വരിതപ്പെടുത്തുമോ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>ആക്കുളം പാലത്തിന്റെ ടോൾ പിരിവ്</u>

5822 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആക്കുളം പാലത്തിന്റെ ടോൾ പിരിവ് ചുമതല ആർക്കാണ് നൽകിയിരിക്കുന്നതെന്ന് വിലാസമുൾപ്പെടെ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ടോൾ പിരിവിന്റെ കാലാവധി വ്യക്തമാക്കുമോ;

(സി) എന്തു തുകയ്ക്കാണ് കരാറുകാർ ടോൾപിരിവ് ഏറ്റെടുത്തിരിക്കുന്നത്;

(ഡി) ടോൾ പിരിവ് പിൻവലിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏത് തീയതി മുതൽ ടോൾ പിരിവ് പിൻവലിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

**തൃശ്ശൂർ - പാലിയേക്കര ടോൾ പ്ലാസയിൽ മാധ്യമ പ്രവർത്തകരുടെ വാഹനങ്ങൾക്ക് സൗജന്യ പാസ്സ്**

T-5823 ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത്**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-പാലിയേക്കര ടോൾ പ്ലാസയിൽ മാധ്യമ പ്രവർത്തകരുടെ വാഹനങ്ങൾ തടഞ്ഞ് ടോൾ ആവശ്യപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാധ്യമ പ്രവർത്തകർക്ക് സൗജന്യ പാസ് അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുണ്ടോ;

(സി) മാധ്യമ പ്രവർത്തകർക്ക് സൗജന്യ പാസ് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 5.07.2013-ലെ മറുപടിക്ക്

പാലിയേക്കര ടോൾ പ്ലാസയുമായി ബന്ധപ്പെട്ട് ബഹു.മുഖ്യ മന്ത്രിയുടെ യോഗത്തിൽ എടുത്ത തീരുമാനങ്ങൾ

T-5824 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലിയേക്കര ടോൾ പ്ലാസയുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രി വിളിച്ച് ചേർത്ത യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത തീരുമാനങ്ങളിൽ എന്തൊക്കെയാണ് നടപ്പിലാക്കിയിട്ടുളളതെന്ന് വിശദമാക്കാമോ;

(സി) നടപ്പിലാക്കാത്തത് എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ;

(ഡി) എൻ.എച്ച്.47-ൽ നെല്ലായിക്കും പാലിയേക്കരയ്ക്കും ഇടയ്ക്ക് നിരന്തരമായി അപകടമരണങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) അപകടങ്ങൾ ഒഴിവാക്കുന്നതിന് പാലിയേക്കര, നന്തിക്കര സ്കൂൾ, നെല്ലായി രജി:ഓഫീസ് സ്റ്റോപ്പുകളിൽ സ്കൈവാക്കുകൾ നിർമ്മിക്കാനുളള തീരുമാനം ഉണ്ടാകുമോ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

ആലപ്പുഴ ബൈപാസ് റോഡിന്റെ നിർമ്മാണം

5825

ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ബൈപാസ് റോഡിന്റെ നിർമ്മാണം ദേശീയ പാത അതോറിറ്റിയിൽ നിന്നും സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ;

(ബി) ബൈപ്പാസിന്റെ നിർമ്മാണം എന്ന് ആരംഭിക്കുമെന്ന് അറിയിക്കാമോ;

(സി) ആലപ്പുഴ ബൈപ്പാസിനുള്ള സ്ഥലമേറ്റെടുക്കൽ നടപടിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 5.07.2013-ലെ മറുപടിക്ക്

<u>കഞ്ഞിപ്പുര – മടാൽ ബൈപാസ് നിർമ്മാണം</u>

5826 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കഞ്ഞിപ്പുര – മൂടാൽ ബൈപാസിന് എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയിട്ടുളളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ബൈപാസ് റോഡിന്റെ നിർമ്മാണത്തിനാവശ്യമായ തുക എത്രയാണെന്നും ഇതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് എന്തു തുകയാണ് നീക്കിവെച്ചിട്ടുളളതെന്നും വ്യക്തമാക്കാമോ;

(സി) ബൈപാസിന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലം അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സ്ഥലം ഉടമകളിൽ നിന്നും എന്നത്തേക്കു വിട്ടുകിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) സ്ഥലം ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതുമായി ബന്ധപ്പെട്ടുളള നടപടിക്രമങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 5.07.2013–ലെ മറുപടിക്ക്

പുലിയന്നൂർ – പാലാ – സിവിൽ സ്റ്റേഷൻ പാരലൽ റോഡ്

5827 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പുലിയന്നൂർ – പാലാ – സിവിൽ സ്റ്റേഷൻ പാരലൽ റോഡ് നിർമ്മിക്കുന്നതിന് അലൈൻമെന്റ് ഫിക്സ് ചെയ്യുന്നതിനും ഭൂമി അക്വയർ ചെയ്യുന്നതിനും സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്താണ്;

(ബി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം;

(സി) അത് സംബന്ധിച്ച് ബദൽ നിർദ്ദേശങ്ങൾ മുന്നോട്ടു വച്ചുകൊണ്ട് പാലാ മുൻസിപ്പൽ കൗൺസിലർ പൊതുമരാമത്ത് വകുപ്പ് മന്ത്രിക്ക് 8.10.2011ൽ നിവേദനം നൽകിയിരുന്നോ;

(ഡി) എങ്കിൽ ആ നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ഇ) ഇപ്പോൾ നിർദ്ദിഷ്ട റോഡിന്റെ അലൈൻമെന്റ് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണ്;

(എഫ്) ഇത് സംബന്ധിച്ച അവസാന തീരുമാനം എടുക്കേണ്ടത് ആരാണ്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 5.07.2013-ലെ മറുപടിക്ക്

<u>കോങ്ങാട് മണ്ഡലത്തിലെ റോഡുകൾ</u>

5828 ശ്രീ.കെ.വി.വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് - ൽ ഉൾപ്പെടുത്തി കോങ്ങാട് മണ്ഡലത്തിലെ ഏതെങ്കിലും റോഡ് ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) അടുത്ത ഘട്ടത്തിലേക്ക് ഏതെല്ലാം റോഡുകളാണ് ഏറ്റെടുക്കാൻ ഉദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ഇപ്പോൾ ഏറ്റെടുത്തിട്ടുള്ള വർക്കുകൾ എന്ന് തുടങ്ങാനാകും എന്നുള്ള വിവരം നൽകുമോ?

**കേരള നിയമസഭ**
**5.07.2013-ലെ മറുപടിക്ക്**

<u>കല്ല്യാശ്ശേരി മണ്ഡലത്തിലെ കുപ്പം - ചുടല - പാണപ്പുഴ റോഡ്</u>

5829 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
പൊതുമരാമത്ത് **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ജില്ലാ പഞ്ചായത്തിൽ നിന്നും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത പ്രധാന റോഡായ കുപ്പം - ചുടല - പാണപ്പുഴ റോഡ് അഭിവൃദ്ധിപ്പെടുത്താൻ എന്തൊക്കെ നടപടിളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>മനക്കൊടി- ശാസ്താംകടവ് റോഡ്</u>

5830 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിക, മണലൂർ മണ്ഡലങ്ങളിലൂടെയുള്ള ശാസ്താംകടവ് - മനക്കൊടി പി.ഡബ്ല്യു.ഡി റോഡിന്റെ നിർമ്മാണ പ്രവർത്തനം എതു വരെയായി; ടാറിംഗ് നടത്താനുള്ള പ്രവൃത്തി ആരംഭിച്ചുവോ;

(ബി) ഈ റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ്സ് നിലനിന്നിരുന്നുവോ; പ്രസ്തുത കേസ്സിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ; ശേഷിച്ച പ്രവൃത്തി എപ്പോൾ ആരംഭിക്കുവാൻ കഴിയും;

(സി) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**കേരള നിയമസഭ**
**5.07.2013–ലെ മറുപടിക്ക്**

<u>നെന്മാറ മണ്ഡലത്തിലെ കൊല്ലങ്കോട് – പുതുനഗരം റോഡ്</u>

5831 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ കൊല്ലങ്കോട് – പുതുനഗരം റോഡ് ബി.എം & ബി.സി ആയി നവീകരണം നടത്തുന്നതിന് എസ്റ്റിമേറ്റ് സഹിതമുളള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

9ബി) സംസ്ഥാന ഹൈവേയായി ഉയർത്തിയ മംഗലം – ഗോവിന്ദപുരം റോഡിനേയും പാലക്കാട് – മീനാക്ഷിപുരം റോഡിനേയും ബന്ധിപ്പിക്കുന്ന കൊല്ലങ്കോട് – പുതുനഗരം റോഡിന്റെ നവീകരണ പ്രവർത്തനം അടിയന്തിരമായി നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത് എന്ന് വിശദമാക്കുമോ ?

## കേരള നിയമസഭ
## 5.07.2013–ലെ മറുപടിക്ക്

ചാലക്കുടി റെയിൽവേ അണ്ടർപ്പാസ് – അപ്രോച്ച് റോഡിന്റെ നിർമ്മാണം

5832 ശ്രീ.ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി റെയിൽവേ അണ്ടർപ്പാസിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടും, അപ്രോച്ച് റോഡിന്റെ നിർമ്മാണം ആരംഭിക്കാത്തതിനാൽ യാത്രക്കാർക്കും പൊതുജനങ്ങൾക്കും ഉണ്ടായിട്ടുള്ള വിഷമതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപ്രോച്ച് റോഡിന്റെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനായി നടപടി സ്വീകരിക്കുമോ;

(സി) ചാലക്കുടി റെയിൽവെ അണ്ടർപ്പാസിനോട് ചേർന്ന് വലിയ വെള്ളക്കെട്ട് രൂപപ്പെട്ടിരിക്കുന്നത് ഒഴിവാക്കുന്നതിനായി നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 5.07.2013–ലെ മറുപടിക്ക്

അട്ടപ്പാടിയിലെ ഊരുകളെ മെയിൻ റോഡുമായി ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണം

5833

ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അനുമതി നൽകിയ അട്ടപ്പാടിയിലെ മൂലഗംഗ – വച്ചുമതി – വെള്ളംകുളം ഊരുകളെ മെയിൻ റോഡുമായി ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) എത്ര രൂപയുടേതായിരുന്നു എസ്റ്റിമേറ്റ്; ആരെല്ലാമായിരുന്നു കരാറുകാർ; ഇവർ പണി പൂർത്തിയാക്കിയിട്ടുണ്ടോ; ഇവരുടെ ബിൽ തുക മാറി നൽകിയിട്ടുണ്ടോ;

(സി) പണി പൂർത്തീകരിച്ചിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പണി പൂർത്തീകരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>ചീക്കല്ലൂര്‍ പാലത്തിന്റെ അപ്രോച്ച് റോഡ് നിര്‍മ്മാണം</u>

5834

ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കല്‍പ്പറ്റ നിയോജകമണ്ഡലത്തിലെ ചീക്കല്ലൂര്‍ പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിര്‍മ്മാണം പുനരാരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ നിര്‍മ്മാണം സംബന്ധിച്ച് കോടതിയിലുള്ള കേസിന്റെ വിധി പകര്‍പ്പ് ലഭ്യമാക്കിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ആയതുപ്രകാരം റോഡിന്റെ നിര്‍മ്മാണം ആരംഭിക്കുന്നതിന് തടസ്സം നേരിടുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

റോഡപകടങ്ങൾ ഒഴിവാക്കുന്നതിന് നടപടി

5835 ശ്രീ. എ. കെ. ബാലൻ
'' എം. ചന്ദ്രൻ
'' പി. റ്റി. എ. റഹീം
'' ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡ് നിർമ്മാണത്തിലെ അപാകതകളും കൊടുംവളവുകളും അപകടത്തിന് കാരണമാകുന്നുണ്ടെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ;

(സി) പുതിയ റോഡുകളുടെ നിർമ്മാണത്തിൽ വളവുകളും മറ്റ് അപാകതകളും പരമാവധി കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) നിർദ്ദിഷ്ട ദേശീയപാത വികസനത്തിൽ നിലവിലുള്ള വളവുകൾ ഒഴിവാക്കി വികസിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ;

(ഇ) എം. സി. റോഡിലെ കൊടുംവളവുകൾ അപകടക്കെണികളാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 5.07.2013–ലെ മറുപടിക്ക്

<u>അജന്താ ജംഗ്ഷനിൽ വർദ്ധിച്ചുവരുന്ന വാഹനാപകടം</u>

T-5836 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ദേശീയപാതയിൽ കായംകുളം കൃഷ്ണപുരം അജന്താ ജംഗ്ഷനിൽ വർദ്ധിച്ചു വരുന്ന വാഹന അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവിടുത്തെ അശാസ്ത്രീയമായ റോഡു നിർമ്മാണവും സിഗ്നൽ സംവിധാനങ്ങളുടെ പോരായ്മകളും പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

**ററ്റി. ഡി. മെഡിക്കൽ കോളേജ്, വണ്ടാനം മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ എന്നിവയുടെ മുൻവശത്ത് സിഗ്നൽ ലൈറ്റോ, മേൽപാലമോ സ്ഥാപിക്കാൻ നടപടി**

5837 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ റ്റി. ഡി. മെഡിക്കൽ കോളേജിന്റെ മുൻവശത്തുള്ള നാഷണൽ ഹൈവേയിലും വണ്ടാനം മെഡിക്കൽ കോളേജ് ഹോസ്പിറ്റലിന്റെ മുൻവശത്തുള്ള ഹൈവേയിലേയും റോഡ് ക്രോസ് ചെയ്തുള്ള യാത്രയിൽ പൊതുജനങ്ങളും, രോഗികളും മറ്റും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം ധാരാളം അപകടങ്ങൾ ഉണ്ടാകാറുണ്ടെന്നുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ രണ്ടു സ്ഥാപനങ്ങളുടേയും മുൻവശത്തുകൂടിയുള്ള നാഷണൽ ഹൈവേയിലെ ഇരു സൈഡുകളിലേയ്ക്കും റോഡ് മുറിച്ചു കടക്കുന്നതിന് സിഗ്നൽ ലൈറ്റോ, മേൽപാലമോ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 5.07.2013-ലെ മറുപടിക്ക്

<u>മണക്കാട് യു.പി.സ്കൂൾ കളിസ്ഥലം നിർമ്മിക്കാൻ പെർമിസീവ് സാംഗ്ഷൻ</u>

5838 ശ്രീ. പി.റ്റി.എ.റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 25035/PS2/2011/PWD നമ്പർ ഫയലിൽ മണക്കാട് യു.പി. സ്കൂൾ കളിസ്ഥലം നിർമ്മിക്കാൻ പെർമിസീവ് സാംഗ്ഷൻ നൽകിയിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

**<u>ശൂകപുരത്ത് എർത്തേൺ ഡ്രെയിനേജിനു പകരം കലുങ്കും കോൺക്രീറ്റ് ഡ്രെയിനേജും</u>**

5839

ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പൊന്നാനി-പാലക്കാട് റോഡിൽ 79/500 മുതൽ 80/00 വരെയുള്ള ശൂകപുരം എന്ന സ്ഥലത്ത് നിലവിലുള്ള എർത്തേൺ ഡ്രെയിനേജിനുപകരം കലുങ്കും കോൺക്രീറ്റ് ഡ്രെയിനേജും നിർമ്മിക്കുന്നത് പരിഗണനയിൽ ഉണ്ടോ;

(ബി) എങ്കിൽ അതിന്റെ നടപടി ഏതുവരെയായി എന്ന് വ്യക്തമാക്കാമോ;

(സി) ഈ പ്രദേശത്ത് റോഡിൽ നിന്നും വെള്ളം തൊട്ടടുത്ത് താമസിക്കുന്നവരുടെ കിണറിലേയ്ക്കൊഴുകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## കേരള നിയമസഭ
## 5.07.2013–ലെ മറുപടിക്ക്

<u>എല്ലാ നിയോജക മണ്ഡലത്തിലും പൊതുമരാമത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം</u>

5840 ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എല്ലാ നിയോജക മണ്ഡലത്തിലും ഓരോ പൊതുമരാമത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>രാജപുരം സബ്‌രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം</u>

5841 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ രാജപുരം സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കാൻ എന്നാണ് ഫണ്ട് അനുവദിച്ചത്; പ്രസ്തുത കെട്ടിടം പണി നടക്കാതിരുന്നത് എന്തുകൊണ്ടാണ് ;

(ബി) പ്രസ്തുത കെട്ടിടം പണിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; വിശദമാക്കാമോ ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>അസിസ്റ്റന്റ് എൻജിനീയർമാർക്ക് ഇംപ്രസ്റ്റ് മണി</u>

5842 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ അടിയന്തിര അറ്റകുറ്റ പണികൾക്കും ഗതാഗത തടസ്സങ്ങൾ നീക്കുന്നതിനും വകുപ്പിലെ അസിസ്റ്റന്റ് എൻജിനീയർമാർക്ക് ഇംപ്രസ്റ്റ് മണിയായി എത്ര രൂപയാണ് നൽകി വരുന്നത്;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇംപ്രസ്റ്റ് മണി വിതരണം ചെയ്തിട്ടുണ്ടെങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ;

(സി) ഇംപ്രസ്റ്റ് മണി വിതരണം നിർത്തിവച്ചിട്ടുണ്ടെങ്കിൽ അതിന്റെ കാരണം അറിയിക്കുമോ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം</u>

5843

ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം അവസാനമായി നടപ്പിലാക്കിയത് എന്നാണ്;

(ബി) അതിനുശേഷം ശമ്പള പരിഷ്ക്കരണം അനുവദിക്കണമെന്ന് കോർപ്പറേഷൻ തീരുമാനമെടുത്തിട്ടുണ്ടോ;

(സി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്നറിയിക്കുമോ;

(ഡി) കൺസ്ട്രക്ഷൻ കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കാൻ തീരുമാനം ഉണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 5.07.2013–ലെ മറുപടിക്ക്

<u>ദിവസവേതനക്കാരായി റസ്റ്റ് ഹൗസുകളിൽ വിവിധ തസ്തികകളിൽ ജോലി നോക്കുന്നവരുടെ വേതനം</u>

5844 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ ദിവസവേതനക്കാരായി വിവിധ തസ്തികകളിൽ ജോലി നോക്കിവരുന്നവർക്ക് പ്രതിദിന വേതനം എത്ര രൂപയാണെന്ന് അറിയാമോ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റസ്റ്റ് ഹൗസുകളിൽ പണിയെടുക്കുന്ന വിവിധ തസ്തികകളിലെ ദിവസവേതനക്കാർക്ക് നൽകുന്ന ശമ്പളമെത്രയെന്ന് വിശദമാക്കാമോ;

(സി) ഈ ജീവനക്കാരുടെ വേതനം മറ്റ് വകുപ്പുകളിലെ സമാനതസ്തികയിലെ ജീവനക്കാരുടേതിന് തുല്യമാക്കാൻ നടപടി സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം, 2013 ജൂൺ 26.

പി. ഡി. ശാരംഗധരൻ
സെക്രട്ടറി

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം 5.00 മണിയ്ക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്. [ ചട്ടം 47(1)]